



SPCHS KOOKKAMPALAYAM

# ആമുഖം

പ്രിയ കൂട്ടുകാരെ,

ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും നൽ-കുന്നതിൽ മാതൃഭാഷയ്ക്ക് നിർണായകമായ പങ്കുണ്ട്. മലയാളം നമ്മുടെ അഭിമാനവും സത്വത്തിൻെറ അടയാളവുമാണ് .മഹത്തായ ഒരു സാഹിത്യസമ്പത്തും വിജ്ഞാനസമ്പത്തും നമ്മുടെ മാതൃഭാഷയായ മലയാളം ഉൾക്കൊള്ളുന്നു.അതിന് അവകാശികളായിത്തീരാൻ നമുക്ക് പ്രയത്നിക്കാം.

കേരളീയരായതിനാൽ നമ്മൾ അഭിമാനിക്കണം. ആ അഭിമാനിത്താൽ ഞങ്ങൾ ഞങ്ങളുടേതായ സാഹിത്യവും കഥകളും കവിതകളും കടങ്കഥകളും കുസൃതികളുംപഴഞ്ചൊല്ലുകളുംതയാറാക്കിയിരിക്കുന്നു.കാലികമായ മെച്ചപ്പെടുത്തലുകളോടെ പ്രസിദ്ധീകരിക്കുന്ന ഈ മാഗസീൻ പുതിയ അനുഭവങ്ങളും അനുഭൂതികളും പകരട്ടെ ,

സ്നേഹത്തോടെ എഡിറ്റർ

# ഉള്ളടക്കം


1. അത്യാഗ്രഹം ആപത്ത്
2. അറിയാം ബാപ്പൂജിയെ
3. കേരളം മരുഭൂമിയായാൽ
4. ചോദ്യങ്ങളും ഉത്തരങ്ങളും
5. കൊലുസിട്ട ജനുവരി
6. കങ്കാരുവമ്മയുടെ കനിവ്
7. കാറ്റ്
8. കേരളനാട്
9. കുറിഞ്ഞിപ്പൂച്ചയോട്
10. മലയോരം
11. മഴവില്ല്
12. നമ്മെക്കുറിച്ച്
13. പേമാരി
14. ആനവാല്
15. നമ്പൂതിരി ഫലിതങ്ങൾ
16. ചങ്ങാതി
17. ട്വിങ്കിൾ ട്വിങ്കിൾ ലിറ്റിൽ സ്റ്റാർ
18. ഉദയം

# അത്യാഗ്രഹം ആപത്ത്

പണ്ട് പണ്ട് മഞ്ചാടിക്കാട്ടിൽ കിച്ചു എന്നൊരു അണ്ണാൻ ഉണ്ടായിരുന്നു. അവന്റെ കൂട്ടുകാർ കിങ്ങിണി എന്ന മുയലും കിട്ടു എന്ന പൂച്ചയും ആയിരുന്നു.അവർ ഭക്ഷണം അന്വേഷിച്ച് കാട്ടിൽ പോകുമായിരുന്നു .അവർ എന്തു കിട്ടിയാലും പങ്കുവച്ചു കഴിക്കുമായിരുന്നു. ഒരു ദിവസം കിച്ചുവിന് ഒരു പാത്രം കിട്ടി. അതൊരു അക്ഷയപാത്രമായിരുന്നു. അതിൽ എന്തു വീണാലും അത് ആ പാത്രം നിറയെ ആകും .കിച്ചുവിന്റെ കൈയ്യിൽ നിന്ന് ഒരു നെല്ലിക്ക വീണു .ആ പാത്രം നിറയെ നെല്ലിക്കയായി കിച്ചുവിന് അത്ഭുതമായി . എന്നാൽ അവൻ കൂട്ടുകാരോട് ഈ കാര്യം പറഞ്ഞില്ല. അവൻ ശേഖരിച്ച ഒന്നും കൂട്ടുകാർക്ക് കൊടുത്തില്ല. തന്മൂലം കൂട്ടുകാർ അവനെ തനിച്ചാക്കി. അവൻ തനിച്ച് ഒരു മാളത്തിൽ താമസിക്കാൻ തുടങ്ങി. ഒരു ദിവസം രാത്രി അവൻ ഒരു സ്വപ്നം കണ്ട് പേടിച്ചു. അവനെ ആശ്വസിപ്പിക്കാൻ ആരുമുണ്ടായിരുന്നില്ല .അന്നവന് ഒരു കാര്യം മനസ്സിലായി. ജീവിതത്തിൽ ആവശ്യം സമ്പത്തല്ല നല്ല ചങ്ങാതിമാരാണ്. അടുത്ത ദിവസം തന്നെ സംഭവിച്ചതെല്ലാം തന്റെ കൂട്ടുകാരോട് പറഞ്ഞ് മാപ്പ് ചോദിച്ചു.

ഗുണപാഠം : "ജീവിതത്തിൽ ആവശ്യം ഭൗതിക സമ്പത്തല്ല യഥാർഥ സമ്പത്തായ നല്ല ചങ്ങാതിമാരാണ്".

പ്രിയദർശിനി എം.

# അറിയാം...



## ബാപ്പൂജിയെ


മഹത്തായ ആത്മാവ് എന്നർത്ഥം വരുന്ന മഹാത്മാ, അച്ചൻ എന്നർത്ഥം വരുന്ന ബാപ്പു എന്നീ നാമവിശേഷണങ്ങളാൽ ജനഹൃദയങ്ങളിൽ ചേക്കേറിയ വ്യക്തിത്വം.

കരംചന്ദ് ഗാന്ധിയുടേയും പുത് ലീബായിയുടേയും മൂന്ന പുത്രന്മാരിൽ ഇളയവനായി 1869 ഒക്ടോബർ 2-ന് ഗുജറാത്തിലെ പോർബന്ദറിൽ ജനിച്ചു.ഗാന്ധിജിയുടെ ജന്മദിനമാണ് ഗാന്ധിജയന്തി.

ഷിഫാന ഷെറിൻ

ചരിത്രകഥ

# കേരളം മരുഭൂമിയായാൽ....



മലയാള സാഹിത്യത്തിലെ സുൽത്താൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ തന്റെ സ്വത:സിദ്ധമായ നർമ്മം സംസാര വേളയിൽ പ്രയോഗിക്കാറുണ്ട്. തന്നെ കാണാൻ വരുന്നവരോട് സന്ദർഭത്തിനനുസരിച്ച്  രസികൻ ഫലിതങ്ങൾ പറയുക അദ്ദേഹത്തിന്റെ രീതിയായിരുന്നു. ഇത്തരം ഫലിതങ്ങൾ  ചേർത്ത് 'ബഷീർ ഫലിതങ്ങൾ' എന്നൊരു സമാഹാരം തന്നെ പുറത്തിറങ്ങിയിട്ടുണ്ട്. ഒരിക്കൽ ഒരു പത്രാധിപ സുഹൃത്ത് അദ്ദേഹത്തോട് ചോദിച്ചു: “ഇക്കണക്കിനു പോയാൽ എന്തായിരിക്കും കേരളനാടിന്റെ ഭാവി...?” പരിസ്ഥിതി പ്രശ്നങ്ങളും മനുഷ്യരുടെ ദുരയും അത്യാർത്തിയുമൊക്കെയായിരുന്നു വിഷയം. “ഇങ്ങനെയാണേൽ ഏറെ താമസിയാതെ കേരളം മരുഭൂമിയാകും. അത് പക്ഷെ, നമുക്ക് ഉപകാരമാണെന്താനും!” “ഉപകാരമോ,അതെങ്ങനെ...?”

പത്രാധിപർക്ക് ഒന്നും മനസ്സിലായില്ല.  “അതേന്നേ... ആ മരുഭൂമീന്ന് നമുക്ക് എണ്ണകുഴിച്ചെടുക്കാമല്ലോ... ഏത്?.....”

മഹാലക്ഷ്മി എം

# ചോദ്യങ്ങളും ഉത്തരങ്ങളും

1) 'പാവങ്ങളുടെ തടി' എന്നറിയപ്പെടുന്ന സസ്യം ഏത്?

ഉ) മുള

2) തട്ടേക്കാട് പക്ഷിസങ്കേതം സ്ഥിതി ചെയ്യുന്ന ജില്ല?

ഉ) എറണാകുളം

3) കേരളത്തിൽ വരയാടുകളെ സംരക്ഷിക്കുന്ന ദേശീയ ഉദ്യാനം ഏത്?

ഉ) ഇരവികുളം

4) കേരളത്തിലെ ഏറ്റവും പഴക്കംചെന്ന തേക്കിൻതോട്ടം എവിടെ?

ഉ) നിലമ്പൂർ

5) പച്ചക്കറിയിലെ സുന്ദരി ആര്?

ഉ) ക്യാരറ്റ്

6) കടലിലെ മഴക്കാടുകൾ എന്നറിയപ്പെടുന്നത് ഏത്?

ഉ) പവിഴപ്പുറ്റുകൾ

സെറീന എ.കെ.

# കൊലുസിട്ട ജനുവരി

പുത്തനാണ്ടെത്തുന്നു പൂത്തുലഞ്ഞ്

ളുമന്ദഹാസം ളുകിയിതാ

ചെന്നെതിരേല്ക്കാം കൈകൊട്ടുക്കാം

ചുണ്ടത്തു ളുമന്ദഹാസമോടെ

വാവാ മക്കളേ കൈകോർക്കാം

ഒത്തൊരുമിച്ചെത്തി വരവേല്ക്കാം

രണ്ടായിരത്തിയിരുപതിലേ

കാലിൽ കൊലുസിട്ട

ജനുവരിയെ

രോഹിണി എം

# കങ്കാരുവമ്മയുടെ കനിവ്



ഒരിടത്ത് ചിങ്കിയമ്മ എന്നു പേരുള്ള ഒരു കങ്കാരു പാർത്തിരുന്നു. വളരെ അനുകമ്പയുള്ള ഒരു മനസ്സായിരുന്നു അവളുടേത്.

ഒരിക്കൽ പിങ്കിയമ്മ തീറ്റ തേടി തങ്കമലയിൽ നിന്നും താഴോട്ട് ഇറങ്ങുകയായിരുന്നു. അപ്പോഴാണ് പൂത്തുലഞ്ഞു നില്ക്കുന്ന ഒരു മരുന്നുചെടി അവളുടെ ശ്രദ്ധയിൽ പെട്ടത്.

പിങ്കിയമ്മ വേഗം ആ ചെടിയുടെ രണ്ടുമൂന്നിലകൾ പറിച്ച് തൻെറ വയററത്തുള്ള സഞ്ചിയിൽ സൂക്ഷിച്ചു. അവിടെ നിന്നും ചാടിച്ചാടി അവൾ ഒരു ഓറഞ്ചു തോട്ടത്തിന്റെ അരികിലെത്തി. അപ്പോഴതാ രണ്ടു ഉരുത്തുരുത്ത ഓറഞ്ചുകൾ താഴെ വീണുകിടക്കുന്നു. ഉച്ചയ്ക്ക് തിന്നാമെന്നു കരുതി അവൾ തന്റെ സഞ്ചിക്കുള്ളിൽ എടുത്തിട്ടു.

ഈ സമയത്താണ് ആരുടെയോ ഒരു ദയനീയ കരച്ചിൽ പിങ്കിയമ്മ കേട്ടത് .എന്താണാവോ ? പിങ്കിയമ്മ വേഗം നിലവിളി കേട്ട സ്ഥലത്തേക്ക് ഓടിച്ചെന്നു. അപ്പോഴതാ എല്ലും തോലുമായ ഒരു തന്തക്കുരങ്ങൻ ഒട്ടിയ വയറോടെ ഒരു പാറപ്പുറത്ത് കിടന്നു കരയുന്നു.

"അയ്യോ വിശന്നിട്ടു വയ്യായേ....... ഞാനിപ്പം ചാകുമേ... വല്ലതും തരണമേ..... ഇത് കേൾക്കേണ്ട താമസം, കങ്കാരുവമ്മ തന്റെ സഞ്ചിയിൽ കിടന്ന ഓറഞ്ചെടുത്ത് തന്തകുരങ്ങനു കൊടുത്തു. കുരങ്ങൻ ആർത്തിയോടെ അതു തിന്നു.

"മേളെ, നിനക്കു നല്ലതു വരും". പിങ്കിയമ്മയെ അനുഗ്രഹിച്ചു കൊണ്ട് തന്തക്കുരങ്ങൻ പയ്യെപ്പയ്യെ നടന്നു നീങ്ങി. അപ്പോൾ പിങ്കിയമ്മയ്ക്ക് മനസ്സിലായി മറ്റുള്ളവർക്ക് നന്മ ചെയ്യുമ്പോൾ നമ്മൾക്ക് നല്ലതേ വരൂ എന്ന്.

**രമ്യശ്രീ എം.**

# കാറ്റ്

കുന്തിപ്പുഴയിൽ  കുളിച്ചുകയറി

കുസൃതികൾ  കാട്ടും കാറ്റാണേ

കാവിൽ   തൊഴുത് കളഭം  വാങ്ങി

കാവടിയാട്ടും കാറ്റാണേ

കായ്കനി വീഴ്ത്തി, കഴിവുകൾ കാട്ടി

കടന്നുപോകും കാറ്റാണേ...

അഭിജിത്ത്

# കേരളനാട്



കേരളനാട് !

കേരമരങ്ങൾ തലയാട്ടീടും

കേരളമാണെൻ നാട്

മാമരനിരകൾ  തലകാട്ടീടും

കേരളമാണെൻ  നാട്

ആറുകളോരോ ഗീതങ്ങൾ    പാടും



ആഴിത്തിരയുടെ

മാലകളണിയും

കേരളമാണെൻ  നാട്

ജാതിമതങ്ങളും ഒരുമയിൽ  വാഴും

കേരളമാണെൻ നാട്

അഭികൃഷ്ണ കെ.

# കുറിഞ്ഞിപ്പൂച്ചയോട്



കുഞ്ഞിപ്പൂച്ചെ കുറിഞ്ഞിപ്പൂച്ചെ
ഉച്ചയ്ക്കെന്തെ കൊച്ചു മയക്കം
തനിച്ചിങ്ങനെ കിടന്നാലോ
തള്ളപ്പട്ടി കടിക്കില്ലേ
കാച്ചിയപാല് കുടിച്ചോളൂ
മച്ചിൻമേലെ കിടന്നോളൂ
അച്ഛനമ്മയും വന്നെങ്കിൽ
ഒപ്പം ചേർന്ന് നടന്നോളൂ



സ്നേഹ എ.എം

# മലയോരം

മലയോരം  അരുവിയോരം
കുഞ്ഞാകുഞ്ഞിക്കരുവികൾ
പാടിപ്പാടി  ആടി ആടി
പറന്നു പറന്നു  പറന്നു വന്നു
മഞ്ഞപ്പട്ടുടുത്തു  വന്നു
മാൻ മാൻ  പൊൻമാൻ
മലയോരംഅരുവിയോരം
കുഞ്ഞാകുഞ്ഞിക്കരുവികൾ



ശരവണകുമാർ

# മഴവില്ല്



മഴയും വെയിലും

സഹോദരങ്ങളായിരുന്നു .അവരു-

ടെ കൊച്ചനിയത്തിയായിരുന്നു മഴവില്ല് .

മഴവില്ലിന്റെ ചങ്ങാതിയായിരുന്നു തത്തമ്മ.

ഒരു ദിവസം മഴയും വെയിലും തമ്മിൽ അടിയായി.

അതിനിടയിൽ തത്തമ്മയുടെ

ചിറക് ഒടിഞ്ഞു താഴെ വീണു .

അപ്പോൾ മഴവില്ല് അവരോട് തെറ്റി. എന്നിട്ട് അവരോട് പറഞ്ഞു. നിങ്ങൾ എന്നാണോ ഒന്നിക്കുന്നത് അന്ന് മാത്രമേ ഞാൻ നിങ്ങളുടെ മുന്നിൽ വരികയുള്ളൂ . അതുകൊണ്ടാണ് മഴയും വെയിലും ഒന്നിച്ച് വന്നാൽ മഴവില്ല് വരുന്നത്

നജീബ്,സിയാസ്

# നമ്മെക്കുറിച്ച്

1)മനുഷ്യ ശരീരത്തിൽ ജനനം മുതൽ മരണം വരെ  വളരാത്ത അവയവം ഏതാണ്?

ഉ)കണ്ണിലെ കൃഷ്ണമണി

2)അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ വളർച്ച പൂർത്തിയാകുന്ന മനുഷ്യനിലെ അവയവം ഏതാണ്?

ഉ)ചെവി

3)മനുഷ്യശരീരത്തിൽ ആകെ എത്ര അസ്ഥികൾ ഉണ്ട്?

ഉ) 206

4)മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ അസ്ഥി ഏതാണ്

ഉ)തുടയെല്ല്

6)മനുഷ്യ ശര്രീരത്തിലെ ഏറ്റവും ചെറിയ അസ്ഥി ഏതാണ്?

ഉ)സ്റ്റേപ്പീസ്

7)മനുഷ്യ ശരീരത്തിൽ ഉള്ള ലോഹം ഏതാണ്?

ഉ)കാൽസ്യം

സഞ്ജയ്

# പേമാരി....

മഴ മഴ മഴ മഴ മാനത്ത്
ചട പട ചട പട പെയ്യുന്നു
തുമ്പികൾ പാറി കളിക്കുന്നു
തവളകൾ ചാടി നടക്കുന്നു



മഴ മഴ മഴ മഴ ഭൂമിയിൽ
ചട പട ചട പട പെയ്യുന്നു
നദികൾ കവിഞ്ഞ് ഒഴുകുന്നു
മീനുകൾ തുള്ളി രസിക്കുന്നു
മഴ മഴ മഴ മഴ മഴ കുറഞ്ഞു
ചട പട ശബ്ദം കുറഞ്ഞുവന്നു
ജീവജാലങ്ങൾ ദുഃഖത്തിൽ
മഴയ്യ്ക്ക് യാത്ര പറഞ്ഞയ്യച്ചു

വിനീത എ.

# ആനവാല്



ആലത്തൂരമ്പ ലമുറ്റത്തുണ്ടാനകളനവധി

കൊമ്പനമാർ വാലുവളഞ്ഞൊരു

വമ്പനതിന്നലെ വാലും

പൊക്കിയിടഞ്ഞുവരുമ്പോൾ കോലും, വടിയും

കൊണ്ടൊരുപാപ്പാൻ ശ്ലല്യ

പറഞ്ഞങ്ങരികേചെന്നു

കാലുപിടിച്ചു വലിച്ചങ്ങമ്പോ ... നീളെയെറിഞ്ഞു

കുളത്തിന്നുള്ളിൽ!

പ്രസന്ന .വി

# നമ്പൂതിരി ഫലിതങ്ങൾ

നമ്പൂതിരി ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ ഒട്ടും മോശക്കാരനല്ല. അദ്ദേഹം ഒരു ഹോട്ടലിൽ ഊണു കഴിക്കാൻ കയറി. രണ്ടു പ്രാവശ്യം ചോറു വാങ്ങിച്ചു. മൂന്നാമതും നമ്പൂതിരി ചോദിച്ചപ്പോൾ രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ചോറു തരില്ലെന്ന് സപ്ലയർ പറഞ്ഞു.

“നോമിപ്പോൾ അടുത്ത ഹോട്ടലിൽനിന്ന് ഊണുകഴിച്ചിട്ടു വരികയാ. അവിടെ മൂന്നു പ്രാവശ്യംചോറു തന്നു. പിന്നെ നിങ്ങൾക്കു ചോറു തന്നു. പിന്നെ നിങ്ങൾക്കു തന്നാലെന്തേ?”നമ്പൂതിരി ചോദിച്ചു.

ഫാത്തിമത്ത്ഹസ്ന കെ.

# ചങ്ങാതി



പച്ചയുടുത്തൊരു ചങ്ങാതി

പച്ചപ്പാവം ചങ്ങാതി

തുള്ളി തുള്ളി നടന്നിട്ട്

പ്രാണികൾ തിന്നും ചങ്ങാതി

കുളവും വയലും വീടാക്കി

താളംകൊട്ടും ചങ്ങാതി

ഇവനെ കണ്ടാൽ കൊല്ലല്ലെ

ഇവനൊരു പാവം തവളച്ചാർ.

സഹറുബാൻ എ.കെ.

# ട്വിങ്കിൾ ട്വിങ്കിൾ ലിറ്റിൽ സ്ററാർ

മാനത്തെ താരകങ്ങൾക്കു മരണമില്ലെന്നു കവികൾ ആവർത്തിച്ചു പാടുമ്പോഴും അതിനോട് യാതൊരുതരത്തിലും  യോജിക്കാത്ത നിലപാടിലാണ് ശാസ്ത്രജ്ഞർ. എല്ലാ നക്ഷത്രങ്ങൾക്കും മരണമുണ്ട് എപ്പോഴുന്നല്ലേ? ജ്വലിക്കാൻ ആവശ്യമായ ഇന്ധനം ഇല്ലാതെ വരുമ്പോൾ അവർ സ്വയം കെട്ടടങ്ങുകയും മരണത്തിനു കീഴടങ്ങുകയും ചെയ്യും

ആതിര എ.

# ഉദയം...

അലയാഴിത്തിരകളിൽ
അരുണന്റെ രശ്മിയിൽ
വരവായി മണ്ണിലൊരു
പൊൻപ്രഭാതം
വിരിയുന്ന പൂക്കളും
പാടുന്ന കിളികളും
കളകളം രസമൊടെ
പുഴയൊഴുക്കും
തുമ്പിയും തത്തയും
തുള്ളിക്കളി കളി
സ്വർണ്ണവർണ്ണപ്പുലരി

ഫജാസ് എൻ.

# നന്ദി